ഉത്തരം

(എ) പതിനേഴ് പദ്ധതികൾ.

(ബി-ഡി) ഭൂമി ആർക്കും കൈമാറുന്നില്ല.

വികേന്ദ്രീകൃത ഉറവിട മാലിന്യസംസ്കരണം

112 (1481) ശ്രീ. പി. എ. മാധവൻ :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. എ. റ്റി. ജോർജ് :
ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) നഗരങ്ങളിലെ വികേന്ദ്രീകൃത ഉറവിട മാലിന്യ സംസ്കരണത്തിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ; പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം ;

(ബി) പദ്ധതി നിർവ്വഹണത്തിന് സഹകരിക്കുന്നവർ ആരെല്ലാമാണെന്ന് വിശദമാക്കാമോ ;

(സി) പദ്ധതി നടത്തിപ്പിനായി സ്വീകരിച്ചിട്ടുള്ള സംവിധാനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്. മാലിന്യങ്ങൾ അവ ഉൽപ്പാദിപ്പിക്കുന്നിടത്തുതന്നെ നിർമ്മാർജ്ജനം ചെയ്യുക. പൊതുമാലിന്യ സംസ്കരണ കേന്ദ്രങ്ങളിലേയ്ക്കെത്തുന്ന മാലിന്യത്തിന്റെ അളവ് കുറയ്ക്കുക. മാലിന്യം ഉത്പ്പാദിപ്പിക്കുന്നവർ തന്നെ അവ നിർമ്മാർജ്ജനം ചെയ്യണം എന്ന അവബോധം സൃഷ്ടിക്കുക എന്നിവയാണ് മുഖ്യ ഉദ്ദേശ്യ ലക്ഷ്യങ്ങൾ.

(ബി) ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനവും സർക്കാരും ശുചിത്വ മിഷനും സഹകരിച്ചാണ് ടി പദ്ധതി നടപ്പിലാക്കിവരുന്നത്.

(സി) തദ്ദേശസ്വയംഭരണ സ്ഥാപനം പ്രോജക്ടുകൾ തയ്യാറാക്കുന്നു. ആയതിന് ശുചിത്വ മിഷൻ പരിശോധിച്ച് സാങ്കേതികാനുമതിയും അർഹമായ സർക്കാർ വിഹിതവും നൽകിവരുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനം ചുമതലപ്പെടുത്തുന്ന നിർവ്വഹണ ഉദ്യോഗസ്ഥൻ അക്രഡിറ്റഡ് ഏജൻസിവഴിയോ അംഗീകൃത സേവന ദാതാക്കൾവഴിയോ ക്രമപ്രകാരം നിർവഹണം നടത്തുന്നു.

LIBRARY ARCHIVES Kerala Legislative Assembly